**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1758

04/12/2015 - ൽ മറുപടിക്ക്

## കുടുംബശ്രീയുടെ മീഡിയാശ്രീ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.പ്രദീപ് കുമാർ<br>ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.വി.ശിവൻകുട്ടി | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
| --- | --- | --- | --- |
| (എ) | കുടുംബശ്രീ നടപ്പാക്കാനുദ്ദേശിക്കുന്ന മീഡിയാശ്രീ പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ ; | (എ) | കുടുംബശ്രീ നിരവധി വ്യത്യസ്തമായ പരിശീലനങ്ങളും പദ്ധതികളും നടപ്പിലാക്കി വരുന്ന സാഹചര്യത്തിൽ മാധ്യമ അവബോധത്തിലൂടെ സ്ത്രീശാക്തീകരണം എന്ന ലക്ഷ്യത്തോടെ സ്ത്രീകളെ മാധ്യമരംഗത്ത് പ്രവർത്തിക്കുവാൻ പ്രാപ്തരാക്കു ന്നതിന് കുടുംബശ്രീ സംസ്ഥാന മിഷൻ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് മീഡിയാശ്രീ. കുടുംബശ്രീ അംഗങ്ങൾക്ക് മാധ്യമ അവബോധവും, സ്ക്രിപ്റ്റിംഗ്, ഗവേഷണം, പ്രീ-പ്രൊഡക്ഷൻ, പോസ്റ്റ്-പ്രൊഡക്ഷൻ എന്നീ മേഖലകളിലും ക്യാമറ, എഡിറ്റിംഗ്, സൗണ്ട് റിക്കോർഡിംഗ് മുതലായ രംഗങ്ങളിലും പരിശീലനം നൽ കുവാൻ ആരംഭിച്ചിട്ടുള്ള ഒരു സൂക്ഷ്മസംരംഭക പദ്ധതിയാണിത്. 3 ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് കുടുംബശ്രീ തെരഞ്ഞെടുത്തിരിക്കുന്ന ഏജൻസി ഏതാണ്; | (ബി) | സൗത്ത് ഏഷ്യൻ കോളേജ്, കോഴിക്കോട്, |
| (സി) | പ്രസ്തുത ഏജൻസിയെ തെരഞ്ഞെടുത്തത് ഏത് രീതിയിലാണെന്ന് വ്യക്തമാക്കാമോ; | (സി) | പത്രപരസ്യത്തിലൂടെയും കുടുംബശ്രീയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പരസ്യം നൽകിയും ഇ.ഒ.ഐ. ക്ഷണിച്ച് വിദഗ്ദ്ധ പാനൽ വഴിയാണ് ഏജൻസിയെ തെരഞ്ഞെടുത്തത് |
| (ഡി) | മീഡിയാശ്രീയുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങളുടെ ചെലവ് ഏത് കുടുംബശ്രീയുടെ ഏത് ഹെഡ്സിൽ നിന്നാണ് നടത്തുന്നത്; നാളിതുവരെയായി പ്രസ്തുത ഇനത്തിൽ എത്ര തുക ചെലവഴിക്കപ്പെട്ടു; വിശദമാക്കാമോ? | (ഡി) | മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വീഡിയോ ഡോക്യുമെന്റേഷൻ നടത്തുന്നതിനുള്ള തുക അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നു മാണ് ചെലവഴിക്കുന്നത്.<br>മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായുണ്ടാകുന്ന മറ്റ് ചെലവുകൾ കുടുംബശ്രീ സംസ്ഥാന പദ്ധതി വിഹിതത്തിൽ സി.ബി.ഒ ശാക്തീകരണം എന്നശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നു. നാളിതുവരെ ഈയിനത്തിൽ 51 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ